**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2012-13 വർഷത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരെഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 445/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 17.02.2014.

============================================================

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നം. 164/2014/തസ്വഭവ തീയതി 20.01.2014.

2. സർക്കാർ ഉത്തരവ് (സാധാ) നം. 355/2014/തസ്വഭവ തീയതി 07.02.2014.

3. ഗ്രാമ വികസന കമ്മീഷണറുടെ 15.02.2014-ലെ 27351/ഡിപി2/13/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2012-13 പദ്ധതി വർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം ഒന്ന്, രണ്ട് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ വിവരങ്ങൾ ഗ്രാമ വികസന കമ്മീഷണർ പരാമർശം മൂന്ന് കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന ബ്ലോക്ക് പഞ്ചായത്തുകളെ 2012-13 വർഷത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡിനായി തെരെഞ്ഞെടുത്തു കൊണ്ട് ഉത്തരവാകുന്നു.

**<u>ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാന തലം):</u>**

| | | |
|---|---|---|
| ഒന്നാം സ്ഥാനം | : | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് (ആലപ്പുഴ) |
| രണ്ടാം സ്ഥാനം | : | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം) |
| മൂന്നാം സ്ഥാനം | : | ഇരിങ്ങാലക്കട ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ) |

ഒന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 25 ലക്ഷം രൂപയും രണ്ടാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 15 ലക്ഷം രൂപയും മൂന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 10 ലക്ഷം രൂപയും പ്രത്യേക പദ്ധതി ധനസഹായമായി ലഭിക്കും.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ